(ബി) ഈ കെട്ടിടം എന്ന് പണി പൂർത്തിയാക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2003-04 സാമ്പത്തിക വർഷത്തിൽ എത്രപേരെ പ്രസവത്തിനായി പ്രവേശിപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിൽ എത്ര കേസ്സുകൾ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെട്ടിടം പുതുക്കി പണിയുന്നതിന് 15-3-2004-ൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ വിളിക്കുകയും 12-5-2004-ന് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2005 മാർച്ച് മാസത്തോടെ കെട്ടിടം പണി പൂർത്തിയാകുമെന്നാണ് പഞ്ചായത്ത് അധികൃതരിൽനിന്നും അറിയാൻ കഴിഞ്ഞത്.

(സി) 864 സ്ത്രീകളെ പ്രസവത്തിനായി അഡ്മിറ്റ് ചെയ്തിട്ടുണ്ട്.

(ഡി) 62 കേസുകൾ മെച്ചപ്പെട്ട ചികിത്സക്കായി റഫർ ചെയ്തിട്ടുണ്ട്.

കേരളാ സെക്കൻഡറി ഹെൽത്ത് സിസ്റ്റം ഡവലപ്പ്മെന്റ് പ്രോജക്ട്

123 [2615] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേരളാ സെക്കൻഡറി ഹെൽത്ത് സിസ്റ്റം ഡെവലപ്പ്മെന്റ് പ്രോജക്ട് എന്ന പദ്ധതിയെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് എത്ര കോടി രൂപയുടെ പദ്ധതിയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര കോടി രൂപ ഇതിനോടകം ലഭിച്ചു കഴിഞ്ഞിട്ടുണ്ടെന്നും എത്ര കോടി രൂപ ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ജില്ലകളിലാണ് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളതെന്നും പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി 810.468 കോടി രൂപയുടെ സെക്കന്ററി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന ഒരു പദ്ധതി ലോക ബാങ്കിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിലെ താലൂക്കാശുപത്രികൾ, ഗവൺമെന്റ് ആശുപത്രികൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പുതിയ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ഏർപ്പെടുത്തുക, ആശുപത്രികളുടെ നിലവിലുള്ള പോരായ്മകൾ പരമാവധി കുറയ്ക്കുക, ലഭിക്കുന്ന ഫണ്ടുകളും വിഭവശേഷിയും കാര്യക്ഷമമായി ഉപയോഗിക്കുക, നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ.

(ബി) 810.468 കോടി രൂപയുടെ പദ്ധതിയാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

(സി) ചർച്ചകൾ നടന്നു വരികയാണ്. പദ്ധതിക്ക് അംഗീകാരം ആയിട്ടില്ല.

(ഡി) പദ്ധതി സംബന്ധിച്ച് ലോകബാങ്കുമായി ചർച്ചകൾ നടന്നു വരികയാണ്. അവ പൂർത്തിയായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

മഞ്ചേരിയിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സർക്കാർ ആശുപത്രി

124 [2616] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സർക്കാർ ആശുപത്രി 1994-ൽ അനുവദിച്ചിട്ടുണ്ടോ;

(ബി) 1994-ൽ അനുവദിച്ചിട്ടുള്ള കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലെ ആശുപത്രികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) മഞ്ചേരിയിലെ ആശുപത്രി മാത്രം ആരംഭിക്കാതിരിക്കുന്നതിന് പ്രത്യേക കാരണങ്ങൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) മഞ്ചേരിയിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സർക്കാർ ആശുപത്രിയ്ക്ക് 29-11-2001-ലെ സ.ഉ.(സാധാ) നം. 3163/01 പ്രകാരം 2001-ലാണ് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട്ട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിലവിലുണ്ട്. കണ്ണൂർ ജില്ലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ പണി നടന്നു വരികയും പാലക്കാട് ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ ഉദ്ഘാടനം 10-1-2004-ൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കെല്ലാം വിവിധ കാലങ്ങളിലായിട്ടാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly